# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 07-11-2009 മുതൽ 13-11-2009 വരെ)

## മാലപൊട്ടിച്ചോടിയ യുവാവിനെ പോലീസ് ദമ്പതിമാർ പിന്തുടർന്നു പിടികൂടി

മ്യൂസിയം പോലീസ് സ്റ്റേഷനിലെ റൈഡർ ബിജുവും വനിതാ ഹെൽപ്പ്ലൈനിൽ ജോലി നോക്കിവരുന്ന ബിജുവിന്റെ ഭാര്യ സന്ധ്യയും 13-11-2009 തീയതി രാവിലെ 8.20 മണിയോടുകൂടി ഡ്യൂട്ടികഴിഞ്ഞ് വീട്ടിലേക്ക് ബൈക്കിൽ മടങ്ങവേ YMR ജംഗ്ഷനിൽ എത്തിയ സമയം സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥിനി പ്രീതി ജോസിന്റെ സ്വർണ്ണമാല ഒരാൾ പൊട്ടിച്ചുകൊണ്ട് ഓടിയതായി പ്രീതിജോസ് ഇവരോട് പറഞ്ഞു. ദമ്പതികൾ അയാളെ പിൻതുടർന്ന് മതിൽ ചാടി അതിസാഹസികമായി പിടികൂടുകയും പ്രതിയായ കണ്ണനെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഏല്പിക്കുകയും ചെയ്തു. ജനസേവനത്തിന് മാതൃക കാട്ടിയ പോലീസുകാർക്ക് DGP 2000/- രൂപയും GSE യും സിറ്റി പോലീസ് കമ്മീഷണർ 500/- രൂപയും GSEയും സമ്മാനമായി പ്രഖ്യപിച്ചു.

( Cr. 693/09, TVM C, Museum PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ AR PC 2458, WPC 2081

## കുറ്റവാളികൾക്ക് ജാമ്യത്തിലിറങ്ങാൻ വ്യാജരേഖ ചമയ്ക്കുന്ന സംഘം പിടിയിൽ

വാഹനമോഷണമുൾപ്പെടെയുള്ള കേസുകളിലെ പ്രതികൾക്ക് ജാമ്യത്തിലിറങ്ങാൻ വ്യാജരേഖ ചമയ്ക്കുന്ന സംഘത്തിലെ പ്രതികളായ കാക്കനാട് സ്വദേശി നസീർ, മുഹമ്മദ്, പള്ളുരുത്തി സ്വദേശി വിജയൻ എന്നിവരെ 13-11-2009-ന് ഏറ്റുമാനൂർ പോലീസ് അറസ്റ്റുചെയ്തു.

( Cr. 668/09, KTM, Ettumanoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. N. Parthasarathi Pillai CI, Sri. V. K. Jayaprakash SI, HCs 5314, 5518, PC 5804, DVR PC 6188

## മോഷണസംഘം അറസ്റ്റിൽ

നിരവധി മോഷണ കേസുകളിലെ പ്രതികളായ ജോജോ, ജോസ്, ഷാഹുൽ ഹമീദ്, സത്താർ ബാഷ, ഷെമീർ എന്നിവരെ കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും 7-11-2009-നും 8-11-2009-നുമായി പൊൻകുന്നം പോലീസ് അറസ്റ്റുചെയ്തു.

( Cr. 485, 487, 497, 498/09, KTM, Ponkunnam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.P. R. Santhosh SI, Sri. K. N Raju ASI, Sri. Thomas Varghese, Sri. M. S. Subair ASI, HC 5054, Gr. HC. C.K. 5254

## അന്ധ്രാ സ്വദേശിയുൾപ്പെടെ കവർച്ചാസംഘത്തിലെ മൂന്നുപേർ അറസ്റ്റിൽ

മോഷണം ആസൂത്രണം ചെയ്യുന്നതിനിടയിൽ ആന്ധ്രാപ്രദേശ് സ്വദേശി ബാബു, കണ്ണൂർ കരവാരം പി. ആർ ഹൗസിൽ സെയ്ദലി, പേരയം പാറശ്ശേരി വീട്ടിൽ നിയാസ് എന്നിവരെ 5-11-2009 തീയതി പുലർച്ചേ രണ്ടുമണിയോടുകൂടി കണ്ണനല്ലൂർ ഭാഗത്തുനിന്നും കൊട്ടിയം പോലീസ് പട്രോളിംഗ് ഡ്യൂട്ടിക്കിടയിൽ അറസ്റ്റുചെയ്തു.

( Cr. 948/09, KLM, Kottiyam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.S. Sherief SI, Sri. Yasodharan Addl. SI, PC 5088

## 1225 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

8-11-2009 തീയതി വൈകിട്ട് 5.30 മണിയോടുകൂടി പുതുനഗരം പോലീസ് വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ ചിറ്റൂർ ഭാഗത്തുനിന്നും തൃശൂർ ഭാഗത്തേക്കു വരുകയായിരുന്ന മഹേന്ദ്രാ വാൻ തടഞ്ഞു നിർത്തി വിശദമായി പരിശോധിച്ചതിൽ 35 ലിറ്റർ വീതം കൊള്ളുന്ന 35 കന്നാസ് സ്പിരിറ്റ് ഒളിപ്പിച്ചുവച്ചനിലയിൽ കാണപ്പെട്ടു. പോലീസ് വാഹനവും സ്പിരിറ്റും പിടിച്ചെടുത്തു.

( Cr. 360/09, PKD, Puthunagaram PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.M. K. Ramesh SI, PCs 4777, 5183

## വൻ ചീട്ടുകളി സംഘം പിടിയിൽ

കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ആലത്തറമല റബ്ബർ എസ്റ്റേറ്റിൽ വൻ തുകവച്ച് ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന ഒൻപതംഗ സംഘത്തെ 8-11-2009 തീയതി വൈകിട്ട് നാലുമണിയോടുകൂടി കടയ്ക്കൽ പോലീസ് അറസ്റ്റുചെയ്തു. ഇവരുടെ പക്കൽനിന്നും 1,25,000/- രൂപയും 4.5 പവന്റെ സ്വർണ്ണമാലയും 10 ഗ്രാമിന്റെ സ്വർണ്ണവളയും, 5 ATM കാർഡും, 1000/- രൂപയുടെ റിയാലും പിടിച്ചെടുത്തു.

( Cr. 817/09, KLM, Kadakkal PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.Rafeeq SI, Sri. C.S. Hari SI, HCs 5123, 4457, PCs 5195, 5071, 4301

## പിടികിട്ടാപ്പുള്ളി പിടിയിൽ

ചിങ്ങവനം പോലീസ് സ്റ്റേഷൻ LP 43/05ാം നമ്പർ കേസിലെ പ്രതിയായ കുറിച്ചി വില്ലേജിൽ ഇലഞ്ഞിപറമ്പിൽ വീട്ടിൽ ബിജോയിയെ 12-11-2009-ന് അയാളുടെ വീട്ടിൽനിന്നും ചിങ്ങവനം പോലീസ് അറസ്റ്റുചെയ്തു.

(KTM, Chingavanam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ PC 5992